നാലെണ്ണത്തിന്റേതു ഈ ബഡ്ജറ്റിലേ കിട്ടിയിട്ടുള്ളൂ. അതെല്ലാം പരിശോധിച്ചു മുറപ്രകാരം ഗ്രാന്റു കൊടുത്തുള്ള വരികയാണു്. 1964-65 ലേക്കുള്ളതിന്റെ സപ്ലിമെന്ററി ഗവണ്മെന്റിന്റെ കയ്യിൽ എത്തിയിട്ടില്ല. ഭാഗീകമായി ഡയറക്ടറുടെ കയ്യിൽ എത്തിയിട്ടുണ്ടെന്നറിയുന്നു. കഴിയുന്നതും വേഗം ഗ്രാന്റു നല്കാൻ വേണ്ട നടപടികൾ എടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: 1963-64-ൽ ഇനിയും കൊടുക്കാതിരിക്കുന്ന ഗ്രന്ഥശാലകൾക്കു ഈ വർഷത്തിൽ ഗ്രാന്റു് കൊടുക്കുവാൻ സാധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതുപോലുള്ള ലൈബ്രറികളെ സംബന്ധിച്ചുള്ള റിപ്പോർട്ടു് ഗ്രാന്റിനു കമ്മിറ്റി കൊടുത്തു കഴിഞ്ഞുവോ എന്നു നിശ്ചയമില്ല. ജനുവരി മാസത്തിൽതന്നെ എല്ലാ റിപ്പോർട്ടുകളും കൊടുത്തിരിക്കണമെന്നു നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അങ്ങനെ കൊടുത്തിരുന്നുവെങ്കിൽ എല്ലാ ലൈബ്രറികൾക്കും ഗ്രാന്റു് സാമ്പത്തിക വർഷത്തിനുമുമ്പു് കൊടുക്കാമെന്നു് ഉറപ്പിച്ചു പറയുവാൻ കഴിയുമായിരുന്നു. ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: ഗ്രന്ഥശാലയുടെ സമയത്തിനു ഗ്രാന്റു കിട്ടാത്തതിനു ഗ്രന്ഥശാലാ സംഘത്തെ കുറ്റപ്പെടുത്തി ഗവണ്മെന്റു് പറയുകയും ഗവണ്മെന്റിനെ കുറ്റപ്പെടുത്തി ഗ്രന്ഥശാലാ സംഘം പറയുകയും ചെയ്യുന്നു. തക്കസമയത്തു ഗ്രാന്റു കിട്ടുന്നില്ല എന്നുള്ള കാര്യം അവശേഷിക്കുകയും ചെയ്യുന്നു. ഇതിനൊരു പരിഹാരം ഉണ്ടാക്കുവാൻ ശ്രീ. രംഗനാഥനെ നിയമിക്കുകയുണ്ടായി. അദ്ദേഹം പരിശോധിച്ചു ഡ്രാഫ്റ്റു ബില്ലിന്റെ കാപ്പി അറാച്ചുചെയ്തു മുന്നു കൊല്ലംമുമ്പു് റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. അതു ഇന്നും പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. അതു മനസ്സിലാക്കുവാൻ പ്രയാസമാണു്. എന്താണു് കാലതാമസം, എന്നത്തേക്കു കഴിയും? കഴിഞ്ഞ അസംബ്ലിയിൽത്തന്നെ ബിൽ കൊണ്ടുവരുമെന്നു പ്രഖ്യാപിച്ചിരുന്നതുമാണു്. അതിനെപ്പറ്റി എന്താണു് പറയാനുള്ളതു്?

ശ്രീ. ആർ. ശങ്കർ: ഇതിനോടു ബന്ധപ്പെട്ട ഇൻഡ്യാ ഗവണ്മെന്റിന്റെ ഒരു മോഡൽ ബിൽ വന്നിട്ടുണ്ടു്. രണ്ടുംകൂടി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: 1963 മാർച്ചിനകം എല്ലാ റിപ്പോർട്ടുകളും കിട്ടിയിട്ടില്ല എങ്കിലും ആയിരത്തിൽ ചിലപ്പോൾ ഗ്രന്ഥശാലകളുടെ റിപ്പോർട്ടു കിട്ടുകയുണ്ടായി. അതിൽത്തന്നെ അറുനൂറോളം ഗ്രന്ഥശാലകൾക്കു് ഗ്രാന്റു് ക്യാഷ് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണു് കാണുന്നതു്. അതിനുള്ള കാരണം എന്താണു്; സാംഗ്ഷൻ ചെയ്ത കേസുകൾക്കു് ഗ്രാന്റു് കൊടുക്കാതിരിക്കുവാനുള്ള കാരണം എന്താണു്; അതു പരിശോധിച്ചു ഈ മാതിരി വീഴ്ച തുടരാതിരിക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞതിനു വിരുദ്ധമായിട്ടുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. 631 ലൈബ്രറികൾക്കു് ആ കൊല്ലം കൊടുക്കുവാൻ കഴിഞ്ഞില്ലെങ്കിലും പിന്നീടു് അതു റീ വാലിഡേറ്റു ചെയ്തു കൊടുത്തിട്ടുണ്ടു്.

പുതിയ സ്കൂളുകൾ

* 660. [5] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷം പുതിയ സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകളിൽ എത്ര സ്കൂളുകൾ അനുവദിക്കുന്നതിനു് അപേക്ഷ കിട്ടിയിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്തവർഷം ഈ താലൂക്കുകളിൽ പുതിയ സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പുതിയ സ്കൂളുകൾ തുറക്കുന്നതിലേയ്ക്ക് കുന്നത്തൂർ താലൂക്കിൽ നിന്നും 81-ും, പത്തനാപുരം താലൂക്കിൽനിന്നും 58-ും, കൊട്ടാരക്കര താലൂക്കിൽ നിന്നും 252-ും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: 1953-ൽ അന്നത്തെ പിന്നാക്ക സമുദായ കമ്മിഷൻ ഹരിജൻ വെൽഫെയർ സ്കൂളുകൾ എവിടെയെല്ലാമാണ് അനുവദിക്കണമെന്നു് കാണിച്ചു് അയച്ചിട്ടുള്ള ലിസ്റ്റിൽപ്പെട്ടതും, രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അഞ്ചാംകൊല്ലം കൊല്ലം ഡി.സി.സി. ശുപാർശ ചെയ്തു അയച്ചിട്ടുള്ളതും, ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൊല്ലം ഡി. സി. സി. പ്രസിഡണ്ട് ശുപാർശ ചെയ്തു അയച്ചിട്ടുള്ളതുമായ 75 ഹരിജൻ വെൽഫെയർ സ്കൂളുകൾ ഐക്കാട് വെട്ടത്തു് മുതലായ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനു് മുൻഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : മറ്റെല്ലാ സ്കൂളുകളും അനുവദിക്കുന്നതിനുള്ള അപേക്ഷകളും പരിഗണനയിൽ എടുക്കുന്നതിന്റെ കൂട്ടത്തിൽ സ്വാഭാവികമായി ഇതും ഉൾപ്പെടുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : കൊട്ടാരക്കര താലൂക്കിനെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ അവിടെ വളരെ കുറവുള്ള മലയോരപ്രദേശങ്ങളാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടു് അവിടെ സ്കൂളുകൾ അനുവദിക്കുന്നതിനു് മുൻഗണന കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്കൂളുകളുടെ ആവശ്യം എവിടെയാണു് അധികമുള്ളതെന്നു് നോക്കി അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന കൊടുക്കുന്നതാണു്.

പഞ്ചായത്ത് തിരഞ്ഞെടുപ്പു്

* 661. [6] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ആകെ എത്ര രൂപ ഇപ്പോൾ വരുന്നുണ്ടു് ;

(ബി) "പഞ്ചായത്തുരാജു്" നിയമം എന്നേക്കു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) രൂപയായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്ദേശം 12 ലക്ഷത്തോളം വരുമെന്നു് പ്രതീക്ഷിക്കുന്നു.

(ബി) 1964-ലെ പഞ്ചായത്തു് യൂണിയൻ കൗൺസിൽ ആൻഡു് ജില്ലാ പരിഷത്തു് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. അതു് പാസ്സാക്കിക്കഴിഞ്ഞാൽ താമസിയാതെ നടപ്പിൽ വരുത്തുന്നതാണു്.

ശ്രീ. പി. രവീന്ദ്രൻ : നിലവിലുള്ള പഞ്ചായത്തു് ആക്ടിൽ നടപ്പിലാക്കിയിട്ടുള്ള ചില വകുപ്പുകൾക്കൊന്നിനും ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. അങ്ങനെ ചട്ടങ്ങൾ ഉണ്ടാക്കാത്ത വകുപ്പുകൾക്കു് വളരെവേഗം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly